(ഡി) സർക്കാർ പതിച്ചു നൽകിയ 11.15 സെൻറിൽ 6 സെൻറ് ഭൂമി നിർദ്ദിഷ്ട ഓഫീസ് കെട്ടിടം പണിയുന്നതിന് പറ്റിയതല്ലാത്തതിനാൽ റവന്യൂ അധികാരികൾക്ക് തിരികെ നൽകുകയും ബാക്കിയുള്ള സ്ഥലത്തിനോട് ചേർന്ന് കിടക്കുന്ന ഭൂമിയിൽനിന്നും 16 സെൻറ് വാങ്ങുകയുമാണ് ചെയ്തത്. 16 സെൻറ് ഭൂമി ഉടമസ്ഥന് തിരികെ നൽകിയിട്ടില്ല.

(ഇ) ഇതുമൂലം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല.

ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കാൻ നടപടി

11. [1397] ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ടൈപ്പിസ്റ്റുകളുടെ സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിച്ച് 28-1-1995, 24-2-1995 എന്നീ തീയതികളിലെ 1873/എ2/95/ഐഡി. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവ് പ്രകാരം അപാകതകൾ പരിഹരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാലതാമസം വരുത്താതെ പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) സീനിയോറിറ്റി ലിസ്റ്റിലെ അപാകത പരിഹരിക്കുന്നതിന് മുൻപ് പുതയതായി ഉണ്ടാകുന്ന ഒഴിവിലേക്ക് പഴയ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം പ്രമോഷൻ നടത്തരുതെന്ന് വ്യവസായ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകാമോ ?

ഉത്തരം

(എ ആൻറ് ബി) 31-3-1995-ലെ സർക്കാർ കത്ത് നമ്പർ 9949/എ2/95 വ്യവസ്ഥയനുസരിച്ച് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റുകളുടെ സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിച്ച് പുതുക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 21-1-1995, 24-2-1995 എന്നീ തീയതികളിലെ 1873/എ2/95/ഐഡി. കത്തുകൾ സീനിയോറിറ്റിയെ സംബന്ധിച്ച് ലഭിച്ച പരാതി വ്യവസായ വാണിജ്യ ഡയറക്ടർക്ക് റിപ്പോർട്ടിനായി നൽകിയതാണ്. സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിച്ച് പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) നൽകാം.

ഇരുമ്പയിർ ഖനനം

12. [1400] ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇരുമ്പയിർ ഖനനം നടത്തുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly